പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4706

22.03.2018 - ൽ മറുപടിക്ക്.

# വ്യവസായികാവശ്യത്തിന് ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുൽ ഹമീദ് പി | ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) വ്യാവസായികാവശ്യത്തിന് ഭൂമി നൽകുന്നത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്ന് വെളിപ്പെടുത്തുമോ ; | (എ) : 30/01/2016-ലെ സ.ഉ.(എം.എസ്) നമ്പർ 17/2016/വ്യവ എന്ന സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ലീസ് വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് വ്യാവസായികാവശ്യത്തിന് ഭൂമി നൽകുന്നത്. ഭൂമിയ്ക്കായി അപേക്ഷ ലഭിക്കുമ്പോൾ സമർപ്പിച്ചിരിക്കുന്ന പ്രോജക്ടുകളുടെ പ്രായോഗികതയും നിക്ഷേപ സാധ്യതകളും പ്രസ്തുത പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കയറ്റുമതി സാധ്യതകളും കണക്കിലെടുത്ത് ഒരു മുൻഗണനാ പട്ടിക തയ്യാറാക്കുന്നു. പട്ടികയിലുള്ളവർക്ക് അവർ ആവശ്യപ്പെട്ട സ്ഥലത്തിന്റെ ആവശ്യകതയും ലഭ്യമായ സ്ഥലത്തിന്റെ അളവും പരിഗണിച്ച് ഭൂമി അനുവദിക്കുന്നു. |
| (ബി) വ്യാവസായികാവശ്യത്തിനുള്ള ഭൂമി ലീസ് അടിസ്ഥാനത്തിൽ നൽകുന്നത് സംരംഭകർക്ക് ധനസമാഹരണത്തിനും വ്യവസായങ്ങൾ സുഗമമായി നടത്തുന്നതിനും തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) : 2016-ലെ ലീസ് റൂളുമായി ബന്ധപ്പെട്ട് പല പരാതികളും അഭിപ്രായങ്ങളും ലഭിക്കുന്നുണ്ട്. |
| (സി) മറ്റ് സ്ഥാപനങ്ങളിലെപ്പോലെ, വ്യവസായ ആവശ്യത്തിന് ഭൂമി നൽകുമ്പോൾ outright purchase ആയി നൽകാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | (സി) : പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.